# INDIAN SCHOOL SUR

Affiliated to the Central Board of Secondary Education Delhi
Affiliation No. 6130009

**087(Mal)/ISS/2023-24** **CIRCULAR** **11.02.2024**

പ്രിയ രക്ഷിതാക്കളെ ,

നമ്മുടെ കുട്ടികൾ സ്കൂൾ സമയത്തിനു ശേഷം വ്യക്തിപരമായ ആവശ്യങ്ങൾക്കായി ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക്, സ്നാപ് ചാറ്റ്, വാട്ട്സാപ്പ്, യൂട്യൂബ്, റ്റിക്റ്റോക്ക് തുടങ്ങിയ സമൂഹ മാധ്യമങ്ങൾ ഉപയോഗിക്കുന്നതിലെ ചില ആശങ്കകൾ രക്ഷിതാക്കളെ അറിയിക്കുന്നതിനാണ് ഇതു എഴുതുന്നത്.

സമൂഹ മാധ്യമങ്ങൾ ഉപയോഗിച്ച് കുട്ടികൾ അധിക്ഷേപകരമായ സന്ദേശങ്ങൾ ഉണ്ടാക്കി കൈമാറുന്നതും, അതുപോലെ വേദനിപ്പിക്കുന്നതും അവഹേളിക്കുന്നതുമായ അഭിപ്രായങ്ങൾ എഴുതുന്നതും, ഓൺലൈനിലൂടെ ഉപദ്രവിക്കുന്നതും ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട് . നമ്മുടെ വിദ്യാലയത്തിന്റെ മൂല്യങ്ങളും ആദർശങ്ങളും മുൻനിർത്തി ഇത്തരം കാര്യങ്ങൾ അംഗീകരിക്കാൻ കഴിയില്ല.

ഈയടുത്ത വർഷങ്ങളിൽ ഇന്റർനെറ്റ് കാര്യമായ മാറ്റങ്ങൾക്കു വിധേയമായിട്ടുണ്ട്. ഉപയോക്താക്കൾക്ക് നല്ലതും ചീത്തയുമായ നിരവധി ഉള്ളടക്കങ്ങളിലേക്കും ആപ്ലിക്കേഷനുകളിലേക്കും എത്തിപ്പെടാനും അനായാസേന അവ ഉപയോഗിക്കാനും ഇന്ന് സാധ്യമാണ്.

പഠന ആവശ്യങ്ങൾക്കായി വിദ്യാർത്ഥികൾക്കിടയിൽ സോഷ്യൽ നെറ്റ്വർക്കിംഗും ആശയവിനിമയവും നല്ലതെന്നു അംഗീകരിക്കുമ്പോൾ തന്നെ അത് മിതവും സുരക്ഷിതവുമായ രീതിയിലാവാൻ അവരുടെ ഓൺലൈൻ പ്രവർത്തനം എല്ലായിപ്പോഴും നിരീക്ഷിക്കണമെന്നു മാതാപിതാക്കളോട് ഞങ്ങൾ ശക്തമായി അഭ്യർത്ഥിക്കുന്നു.

സമൂഹത്തിൽ കുട്ടികളുടെ വ്യക്തിപരമായ ഇടപെടലുകൾക്കുള്ളതുപോലെ ഓൺലൈൻ ഇടപഴകലിനും മുതിർന്നവരുടെ മേൽനോട്ടവും മാർഗനിർദേശവും ആവശ്യമാണ്. കൂടാതെ, എല്ലാ സമൂഹ മാധ്യമങ്ങളിലും രജിസ്റ്റർ ചെയ്യുന്നതിനും ഉപയോഗിക്കുന്നതിനും പ്രായ നിയന്ത്രണങ്ങളുണ്ടെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതിനാൽ, മാതാപിതാക്കൾ കുട്ടികളുടെ ഓൺലൈൻ പ്രവർത്തനങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കേണ്ടതും ജാഗ്രത പുലർത്തേണ്ടതും അത്യന്താപേക്ഷിതമാണ്. വിദ്യാർത്ഥികളുടെ, സ്കൂളിന് പുറത്തുള്ള സമൂഹ മാധ്യമങ്ങളുടെ ഉപയോഗം സ്ഥാപനത്തിന് നിയന്ത്രിക്കാൻ കഴിയില്ലെങ്കിലും, കുട്ടികൾക്കിടയിൽ ഭീഷണിപ്പെടുത്തുന്നതോ അധിക്ഷേപിക്കുന്നതോ അപകീർത്തികരമായതോ ആയ ഉള്ളടക്കം സൃഷ്ടിക്കുന്നതോ പങ്കിടുന്നതോ ശ്രദ്ധയിൽ പെട്ടാൽ അത് അച്ചടക്ക നടപടികളിലേക്കും നിയമപരമായ പ്രത്യാഘാതങ്ങളിലേക്കും നയിച്ചേക്കാമെന്ന് ഇതോടൊപ്പം അറിയിക്കുന്നു.

INDIAN SCHOOL - SUR

Dr S Srinivasan